രണ്ടാം ഘട്ടം

# ഹോമിയോപ്പതി ഡയറക്ടറുടെ നടപടിക്രമങ്ങൾ, തിരുവനന്തപുരം

*വിഷയം:- ഹോമിയോപ്പതി വകുപ്പ്-ശബരിമല മണ്ഡല പൂജ/മകരവിളക്ക് മഹോത്സവം-സന്നിധാനം/പമ്പ താൽക്കാലിക ഹോമിയോ ഡിസ്പെൻസറികളിൽ സ്പെഷ്യൽ ഡ്യൂട്ടിയ്ക്കായി മെഡിക്കൽ/ പാരാമെഡിക്കൽ ജീവനക്കാരെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.*

ഉത്തരവ് നം. പി **3/9078/2011**/ഡി.എച്ച് തിരുവനന്തപുരം
തീയതി **10.11.2011**.

*ശബരിമല മണ്ഡല/മകരവിളക്ക് മഹോത്സവം 2011-2012 നോടനുബന്ധിച്ച് ശബരിമല സന്നിധാനം/പമ്പ എന്നിവിടങ്ങളിൽ താൽക്കാലിക ഹോമിയോ ഡിസ്പെൻസറികൾ തുറന്ന് പ്രവർത്തിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത അനുമതിയുടെ അടിസ്ഥാനത്തിൽ രണ്ട് താൽക്കാലിക ഡിസ്പെൻസറികളുടെ 2-ാം ഘട്ടം 26.11.2011 രാവിലെ 9 മണി മുതൽ 5.12.2011 രാവിലെ 9 മണി വരെ പ്രവർത്തിക്കുന്നതിലേയ്ക്കായി സന്നിധാനം/പമ്പ എന്നിവിടങ്ങളിലെ താൽക്കാലിക ഹോമിയോ ഡിസ്പെൻസറികളിൽ സ്പെഷ്യൽ ഡ്യൂട്ടിയ്ക്കായി താഴെ പേര് ചേർക്കുന്ന മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാരെ നിയമിച്ച് ഉത്തരവാകുന്നു.*

| നിയോഗിക്കപ്പെട്ട സ്ഥലം | ഡ്യൂട്ടി കാലയളവ് | നിയോഗിക്കപ്പെട്ട ജീവനക്കാർ |
|---|---|---|
| *ഗവ.ഹോമിയോ ഡിസ്പെൻസറി, സന്നിധാനം* | 26.11.2011 *മുതൽ* 5.12.2011 | ***മെഡിക്കൽ ഓഫീസർ***<br>1. *ഡോ.ജയചന്ദ്രൻ, ചീഫ് മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി, അയിരൂപാറ, പത്തനംതിട്ട.*<br>2. *ഡോ.സാബു, മെഡിക്കൽ ഓഫീസർ, ജി.എച്ച്.ഡി. പാളയംകുന്ന്, തിരുവനന്തപുരം.*<br>***ഫാർമസിസ്റ്റ്***<br>1. *ഗോപാലകൃഷ്ണൻ, ജി.എച്ച്.ഡി., ചെന്നിത്തല, ആലപ്പുഴ.*<br>2. *ബാലകൃഷ്ണൻ, ജി.എച്ച്.ഡി,* |

| | | |
|---|---|---|
| | | ബേപ്പൂർ, കോഴിക്കോട്<br><br>അറ്റൻഡർ<br><br>1. ജി.ലതീഷ്, ജില്ലാ ഹോമിയോ ആശുപത്രി, തിരുവനന്തപുരം.<br><br>2. പ്രകാശ്.എം.പി., ജി.എച്ച്.ഡി. പായം, കണ്ണൂർ.<br><br>ക്ലാസ് ഫോർ<br><br>1. ജിബു സ്റ്റീഫൻ, ജി.എച്ച്.ഡി., പാമ്പാടി, കോട്ടയം. |
| ഗവ.ഹോമിയോ ഡിസ്പെൻസറി, പമ്പ | 26.11.2011<br><br>മുതൽ<br><br>5.12.2011 | മെഡിക്കൽ ഓഫീസർ<br><br>1. ഡോ.ആർ.സുനിൽ രാജ്, മെഡിക്കൽ ഓഫീസർ, ജി.എച്ച്.എച്ച്.കണ്ണൂർ.<br><br>2. ഡോ.അബിലാഷ് അച്ചൂത്ത്, മെഡിക്കൽ ഓഫീസർ, ജി.എച്ച്.എച്ച്. മാനന്തവാടി, വയനാട്<br><br>ഫാർമസിസ്റ്റ്<br><br>1. എം.എൻ.സുകുമാരൻ നായർ, ജില്ലാ ഹോമിയോ ആശുപത്രി, കോട്ടയം.<br><br>2. നിധീഷ്.ടി., ജി.എച്ച്.ഡി. നീർവാരം, വയനാട്.<br><br>അറ്റൻഡർ<br><br>1. ആർ. ഗോപാലകൃഷ്ണപിള്ള, ജി.എച്ച്.ഡി. ശൂരനാട് വടക്ക്, കൊല്ലം.<br><br>2. അബ്ദുൾ അസീസ്, ജി.എച്ച്.ഡി. തരിയോട്, വയനാട്.<br><br>ക്ലാസ് ഫോർ<br><br>1. അനുരാജ്, ജി.എച്ച്.ഡി, മുളന്തുരുത്തി, എറണാകുളം. |

സന്നിധാനം താൽക്കാലിക ഡിസ്പെൻസറിയുടെ ചുമതല ഡോ. ജയചന്ദ്രനും പമ്പ താൽക്കാലിക ഡിസ്പെൻസറിയുടെ ചുമതല ഡോ. സുനിൽ രാജിനും ആയിരിക്കുന്നതാണ്. മുകളിൽ പേര് സൂചിപ്പിച്ചിരിക്കുന്ന ജീവനക്കാരെ യാതൊരു കാരണവശാലും സ്പെഷ്യൽ ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കുന്നതല്ല. സ്ഥാപനമേധാവികൾ മേൽ സൂചിപ്പിച്ച ജീവനക്കാരെ താൽക്കാലിക ഹോമിയോ ഡിസ്പെൻസറികളിൽ സ്പെഷ്യൽ ഡ്യൂട്ടിയ്ക്കായി അവർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും വിടുതൽ ചെയ്യേണ്ടതാണ്. ഇപ്രകാരം വിടുതൽ ചെയ്ത ജീവനക്കാർ 26.11.2011 രാവിലെ 9 മണിയ്ക്ക് അതാത് താൽക്കാലിക ഹോമിയോ ഡിസ്പെൻസറികളുടെ ചുമതലയുള്ള മെഡിക്കൽ ഓഫീസർ മുമ്പാകെ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ടി സ്ഥാപനങ്ങളിലെ ജീവനക്കാർ ഡ്യൂട്ടിയിൽ പ്രവേശിക്കുന്നതും വിടുതൽ ചെയ്യുന്നതുമായ വിവരങ്ങൾ ഈ ഓഫീസിലും നോഡൽ ഓഫീസറായ പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറേയും അറിയിക്കേണ്ടതാണ്.

കൂടാതെ ഡിസ്പെൻസറികളുടെ പ്രവർത്തന റിപ്പോർട്ടും രോഗികളുടെ കണക്കുകളും അതാത് ടേം അവസാനിച്ചാലുടൻ ഈ ഓഫീസിൽ രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ക്ഷേത്ര ആചാരങ്ങൾക്ക് കളങ്കം വരുത്തുന്ന യാതൊരു പ്രവർത്തിയും ജീവനക്കാരുടെ ഭാഗത്തുനിന്നും ഉണ്ടാകരുത്. ചാർജ്ജ് ഓഫീസറുടെ നിർദ്ദേശങ്ങൾ ജീവനക്കാർ കർശനമായി പാലിക്കേണ്ടതാണ്. ടി നിർദ്ദേശങ്ങൾ പാലിക്കാത്ത ജീവനക്കാരെ ചാർജ്ജ് ഓഫീസർ റിപ്പോർട്ട് ചെയ്യുന്നപക്ഷം അവർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതാണ്.

Jamuna

ഡോ.കെ.ജമുന
ഡയറക്ടർ

കോപ്പി: 1. ബന്ധപ്പെട്ട കക്ഷികൾ.
2 ബന്ധപ്പെട്ട സ്ഥാപന മേധാവികൾ.
3. ജില്ലാ മെഡിക്കലാഫീസർമാർ.
തിരുവനന്തപുരം/പത്തനംതിട്ട/ആലപ്പുഴ/
കോട്ടയം/കാസർഗോഡ്/കണ്ണൂർ/വയനാട്/ എറണാകുളം.
ശബരിമല സുരക്ഷാ ഉദ്യോഗസ്ഥൻ/ദേവസ്വം ബോർഡ് സെക്രട്ടറി.
എ.ഒ./എ.എ./സിഎ നു ഡി.എച്ച്.

കുറിപ്പ്: ഈ ഉത്തരവിൽ പേര് ചേർത്തിരിക്കുന്ന ഉദ്യോഗസ്ഥരുടെ തിരിച്ചറിയൽ കാർഡ് ശബരിമല സുരക്ഷാ ഉദ്യോഗസ്ഥന്റെ ഓഫീസിൽ നിന്നും നേരിട്ട് ലഭ്യമാക്കേണ്ടതാണ്.